**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പുനരധിവാസ ഗ്രാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സെറിബ്രൽ പാൾസി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി പുനരധിവാസ ഗ്രാമം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാരുടെ സമഗ്രമായ പുരനധിവാസത്തിനു വേണ്ടി അന്താരാഷ്ട്രനിലവാരമുള്ള മൂന്നു പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായി ബഹു. കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിരുന്നു. ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യം വച്ച് സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഇത്തരം പുനരധിവാസ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുനരധിവാസ ഗ്രാമങ്ങളിൽ ഇവർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പുനരധിവാസ ഗ്രാമങ്ങളിൽ ഉണ്ടാകേണ്ട സൗകര്യങ്ങൾ പ്രോജക്റ്റ് അന്തിമമായി തയ്യാറാകുമ്പോൾ മാത്രമേ പൂർണ്ണ രൂപത്തിൽ പറയുവാൻ സാധിക്കുകയുള്ളൂ. എങ്കിലും ബൗദ്ധികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ട എല്ലാത്തരം തെറാപ്പി സൗകര്യങ്ങളും (ഫിസിയോതെറാപ്പി, സൈക്കോതെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി) പഠന/പരിശീലന/ പുനരധിവാസ സംവിധാനങ്ങളും ഉണ്ടായിരിക്കും.സെൻസറിപാർക്കുകളും virtual/augmented റിയാലിറ്റി ഉപയോഗിച്ചുകൊണ്ടുള്ള ബോധനരീതികളുമെല്ലാം ഉണ്ടാവണം. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും അമ്മമാർക്കും തൊഴിൽ പരിശീലനത്തിനും തൊഴിൽ നിയോജനത്തിനും അവസരമുണ്ടാക്കാൻ ചെറുകിട ഉല്പാദന യൂണിറ്റുകളും ഉചിതമായിരിക്കും. |
| (സി) | മേൽപ്പറഞ്ഞ രോഗബാധിതരായ കുട്ടികളുടെ | (സി) | പുനരധിവാസ ഗ്രാമങ്ങളിൽ ഉണ്ടാകേണ്ട |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസത്തിനും അവരുടെ മാതാപിതാക്കൾക്ക് വരുമാനം കണ്ടെത്തുന്നതിനുമുള്ള സൗകര്യങ്ങൾ പുനരധിവാസ ഗ്രാമങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | | സൗകര്യങ്ങൾ പ്രോജക്റ്റ് അന്തിമമായി തയ്യാറാകുമ്പോൾ മാത്രമേ പൂർണ്ണ രൂപത്തിൽ പറയുവാൻ സാധിക്കുകയുള്ളൂ. എങ്കിലും ബൗദ്ധികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ട എല്ലാത്തരം തെറാപ്പി സൗകര്യങ്ങളും (ഫിസിയോതെറാപ്പി, സൈക്കോതെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി) പഠന/പരിശീലന/ പുനരധിവാസ സംവിധാനങ്ങളും ഉണ്ടായിരിക്കും.സെൻസറിപാർക്കുകളും virtual/augmented റിയാലിറ്റി ഉപയോഗിച്ചുകൊണ്ടുള്ള ബോധനരീതികളുമെല്ലാം ഉണ്ടാവണം. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും അമ്മമാർക്കും തൊഴിൽ പരിശീലനത്തിനും തൊഴിൽ നിയോജനത്തിനും അവസരമുണ്ടാക്കാൻ ചെറുകിട ഉല്പാദന യൂണിറ്റുകളും ഉചിതമായിരിക്കും. |
| (ഡി) | ജനങ്ങൾക്കിടയിൽ ഓട്ടിസത്തെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | ഓട്ടിസം അവബോധ ദിനാചരണത്തിന്റെ ഭാഗമായും അല്ലാതെയും വിവിധ ബോധവത്കരണ ക്ലാസുകൾ / സെമിനാറുകൾ എന്നിവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന്റെ (NIPMR) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു .<br><br>ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വെല്ലുവിളികൾ എന്നിവയെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും വീട്ടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) മുഖേന 2019-2020-ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന 'സഹയോഗി' എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്.<br><br>ജനങ്ങൾക്കിടയിൽ ഓട്ടിസത്തെ സംബന്ധിച്ച് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുവാനായി നിഷ് (NISH) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2016 ഏപ്രിൽ 11-ന് ടാലന്റ് എക്സിബിഷൻ "ഇൻസ്പിരേഷൻ 2016" പ്രദർശനം നടത്തി.<br><br>2018 മാർച്ചിൽ "ശരിയായ ചോദ്യം ചോദിക്കൽ:- സ്കൂൾ പ്രോഗ്രാമിൽ രക്ഷിതാക്കളെ നയിക്കുക" എന്ന വിഷയത്തിൽ പാനൽ ചർച്ച നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | 2020 ഏപ്രിൽ 4-ന് ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സിനെക്കുറിച്ചുള്ള സെൻസിറ്റൈസേഷൻ വീഡിയോ "വ്യത്യാസം സ്വീകരിക്കുന്നു - ഓട്ടിസം അവബോധം" പ്രസിദ്ധീകരിച്ചു.<br><br>ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സ് സംബന്ധിച്ച റേഡിയോ പ്രോഗ്രാമുകൾ നടത്തുകയുണ്ടായി.<br><br>2022 ഏപ്രിൽ 2-ന് കൗമുദി ചാനൽ അഭിമുഖം നടത്തി.<br><br>ഓട്ടിസം സ്പെക്ട്രം തകരാറുകളെക്കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.<br><br>ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സിനുള്ള ഒരു രക്ഷാകർതൃ വർക്ക്ബുക്ക് “Moments” 2019-ൽ പ്രസിദ്ധീകരിച്ചു.<br><br>സംവേദന പ്രശ്നങ്ങൾ, സാമൂഹിക കഥകൾ, സ്കൂൾ അധ്യാപകർക്കുള്ള ക്ലാസ്സ് റൂം മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള 5 പരിവർത്തൻ സംഭാഷണ പരമ്പര നടത്തുകയുണ്ടായി.<br><br>കുട്ടികൾക്കുള്ള സെൻസറി പാർക്ക് SAFAL SENSORIUM 2022-ൽ ആരംഭിച്ചു.<br><br>ഓട്ടിസം സ്പെക്ട്രം തകരാറുകളുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള ആശയ വിനിമയം മെച്ചപ്പെടുത്തൽ പരിശീലനം "പവർ ഓഫ് പേരന്റ് പ്രോഗ്രാം" 2022 ഓഗസ്റ്റിൽ ആരംഭിക്കുന്നു. |

സെക്ഷൻ ഓഫീസർ